റാവുസാഹിബ്ബ് എ. മാധവപ്രഭു: ഉവ്വ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: "കോരയിൽ കുമ്പ എന്ന വൃദ്ധയും, അവരുടെ ഭർത്താവും, മകനും, വയസ്സ് പ്രായമുള്ള രണ്ട് പെൺകുട്ടികളും കൂടി വീട്ടിൽ കിടന്നുറങ്ങുമ്പോൾ അർദ്ധരാത്രി അഞ്ച് പോലീസ്സുകാർ അകത്ത് കയറി നിസ്സഹായരായ പെൺകുട്ടികളെ ക്രൂരമായവിധം ബലാൽസംഗംചെയ്തു. പെൺകുട്ടികൾ മോഹാലസ്യപ്പെട്ടുപോയി എങ്കിലും അതുകൊണ്ടും വിട്ടില്ല. ഒരു കുട്ടി രക്തത്തിൽ കുളിച്ച് പിറേറന്നുവരെ ബോധമറേറനിലയിൽ കിടന്നിരുന്നു." എന്ന് പത്രത്തിൽകണ്ട റിപ്പോർട്ടിനെ സംബന്ധിച്ച് ഗവൺമെൻറിൻെറ അന്വേഷണം നടത്തിയപ്പോൾ അതു തെറേറാണെന്നു ബോദ്ധ്യമായൊ ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഉവ്വ്. മിക്കകടലാസ്സുകളിലും ഇങ്ങിനെയുള്ള കളവുകൾ കാണുന്നുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: ആ പത്രത്തെ പ്രോസിക്യൂട്ട് ചെയ്യാൻ എന്തായിരുന്നു വിരോധം?

റാവുസാഹിബ്ബ് എ. മാധവപ്രഭു: ഇത്രമാത്രം മതിയെന്നുവിചാരിച്ചു.

മിസ്റ്റർ പി. നാരായണമേനോൻ: പത്രങ്ങളിൽ കാണുന്നതെല്ലാം കളവാണെന്ന വിചാരത്തോടുകൂടിയാണൊ, ഗവൺമെണ്ട് പത്രങ്ങൾ വായിക്കുന്നതു?

റാവുസാഹിബ്ബ് എ. മാധവപ്രഭു: പത്രങ്ങളിൽ എന്താണ് എഴുതിയിരിക്കുന്നതെന്നറിയാൻവേണ്ടിയാണ് പത്രങ്ങൾ വായിക്കുന്നതു.

Mr. P. Kumaran Ezhuthassan *(Vadakkancheri):* The Chief Secretary to Government may be asked, Sir, to withdraw that general allegation about all papers of Cochin. He should not have made that observation. I protest.

Rao Sahib A. MadhavaPrabhu *(Chief Secretary to Government):* Not a general allegation against papers.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Sir, I only made a suggestion to the Chair.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: കൊച്ചീരാജ്യത്ത് പേപ്പർ മര്യാദയോടുകൂടി നടത്തണം എന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു കടലാസിൻെറ മേൽ നടപടിയെടുക്കുന്നതിനുമുമ്പ് പ്രസ്സ് അഡൈ്വസറി കമ്മറിയോട് ആലോചിയ്ക്കേണ്ടതല്ലേ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: പ്രസ്സ് അഡൈ്വസറി കമ്മിറിയിലെ അംഗങ്ങൾതന്നെ തൻെറ സഹോദരന്മാരെ പറഞ്ഞു നേരെ നടത്തേണ്ടതായിരുന്നു. അതു അവർ ചെയ്തില്ല. ഗവൺമെണ്ട് വേണ്ടിവന്നു, അതു പറയാൻ.

RETRENCHMENT COMMITTEE—DETAILS REGARDING

87. മിസ്റ്റർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) വ്യയലഘൂകരണകമ്മിറിക്കു നൽകപ്പെട്ടിട്ടുള്ള terms of reference എന്താണു;

(ബി) യുദ്ധപരിതഃസ്ഥിതികൾമൂലം നിയമിക്കപ്പെടേണ്ടിവന്ന temporary ജോലിക്കാരെ കുറവു ചെയ്യുന്നതിനെപ്പററി മാത്രമേ ഇവക്കു ശുപാർശ ചെയ്യുവാൻ അർഹതയുള്ളുവോ,

(സി) അതോ മൊത്തത്തിൽ ഗവൺമെണ്ടുസർവ്വീസിൽ കാര്യക്ഷമതക്കു ഭംഗം വരാത്തവിധത്തിൽ സാധിക്കാവുന്ന സകല വ്യയലഘൂകരണ നടപടികളെപ്പററിയും ഇവക്കു നിർദ്ദേശം സമർപ്പിക്കാൻ അധികാരമുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരം ഇവരുടെ അധികാരപരിധി സങ്കുചിതമാക്കിക്കളഞ്ഞതിനുള്ള ഹേതുവെന്തു?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ :

(എ) ആവശ്യമില്ലാത്ത താല്ക്കാലിക തസ്തികകളെ നിർത്തൽ ചെയ്യുന്നതിനെപ്പററിയും സാദ്ധ്യമായ മറെറ സകല വ്യയലഘൂകരണത്തെപ്പററിയും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ. (ഈ എടവം 12-ാംതീയ്യതിയിലെ ഗസറ്റ് ഭാഗം III ന്റെ 2-ാം പേജ് നോക്കുക)

(ബി), (സി) & (ഡി) എന്നിവക്കുള്ള മറുപടികൊണ്ട് ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എ. രാഘവൻ: ഏതെങ്കിലും ഒരു ഡിപ്പാർട്ട്മെണ്ടിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിൽ പുതിയ ഒരു തസ്തിക ആവശ്യമാണെന്നുതോന്നിയാൽ ആ തസ്തിക ഉണ്ടാക്കാൻ ഡിപ്പാർട്ട്മെണ്ടധികാരിക്ക അധികാരമുണ്ടോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ഇല്ല.

REJECTION OF APPLICATIONS FROM STUDENTS FOR ADMISSION IN COLLEGES—DETAILS REGARDING

88. **Mrs. K. M. R. Menon** *(Trichur-Women)*: Will Government be pleased to state.—

(*a*) how many applications from students who passed S.S.L.C. from Cochin State for admission to the Intermediate class and from those who passed Inter. and wanted to join B.A. class had been rejected this year;

(*b*) how many students from other colleges had been admitted in the Maharaja's College for B A.;

(*c*) what are the reasons for not giving admissions to students who had studied in the State and who are the sons and daughters of Cochinites;

(*d*) do the authorities know the fact that it is hard for State subjects to get admission outside the State?

Mr. P. Govinda Menon *(Minister for Food and Education)*:

(*a*) Intermediate 473
B.A. 41

(*b*) 12

(*c*) Want of seats is the only reason for rejection. Admission has been given only to Cochinites.

(*d*) Yes.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: കൊച്ചിനൈറ്റ്സിനാണ് അഡ്മിഷനു കൂടുതൽ പ്രിഫറൻസ്സ് കൊടുക്കുക എന്നുപറഞ്ഞിട്ടുണ്ട്. കൊച്ചിയിലെ ഒരു കോളേജിലെ ഒരു ക്ലാസ്സിൽ പാസ്സായ ഒരാൾക്ക് അവിടത്തെതന്നെ മറ്റൊരു ക്ലാസ്സിൽ അഡ്മിഷൻ കൊടുത്തതിനുശേഷമല്ലെ മറ്റുള്ളവർക്ക് അഡ്മിഷൻ കൊടുക്കുകയുള്ളൂ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻറർമീഡിയറിൽ പാസ്സായ ഒരാൾക്ക് അയാൾ കൊച്ചിനൈറ് ആയിരുന്നാലും ആ കോളേജിൽതന്നെ ബി. എ. യ്ക്ക് അഡ്മിഷൻ കിട്ടിയെന്നുവരികയില്ല. ഒരു ഹൈസ്കൂളിൽ ഫോത്ത് ഫോമിൽനിന്ന് ഫിഫ്ത്ത് ഫോമിലേയ്ക്ക് പ്രമോട്ടചെയ്യുന്നതുപോലെയല്ല കാളേജിലെ ഇൻറർമീഡിയറ് ക്ലാസ്സിൽ പാസ്സായ ഒരാൾക്ക് B. A. യ്ക്കോ, B. Sc. യ്ക്കോ അഡ്മിഷൻ കൊടുക്കുന്നത്. ഇൻറർമീഡിയറ് പാസ്സായ ഒരാൾക്ക് പലഗ്രൂപ്പുകളിലേക്കും തിരിഞ്ഞുപോകാനുണ്ട്. അവിടെ ഓരോ ഗ്രൂപ്പുകളിലും ഇത്രയിത്രസീറ്റ് ഉള്ളൂ എന്നു് ലിമിറ് ചെയ്തിട്ടുണ്ടാകും. അതുകൊണ്ട് അവിടെതന്നെ ഇൻറർമീഡിയറ് പാസ്സായ എല്ലാവർക്കും അഡ്മിഷൻ കിട്ടിയെന്നുവരുകയില്ല.

Mrs. K. M. R. Menon *(Trichur-Women)*: Out of this 473, how many girls' applications were rejected?

Mr. P. Govinda Menon *(Minister for Food and Education)*: I must have notice to say how many out of this 473 are girls and how many boys.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ആ കാളേജിൽതന്നെ പഠിച്ചിട്ടുള്ളവർക്ക് സീറ് കൊടുക്കുകയില്ലായെന്നാണോ, പറയുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടെയുള്ളവർക്ക് കിട്ടിയില്ലായെന്നുവരാം. പുറമേയുള്ളവർക്ക് കൊടുത്തുവെന്നും വരാം.

മിസിസ്സ് കെ. എം. ആർ. മേനോൻ: അഡ്മിഷൻ കൊടുക്കുന്നത് മെറിറ്റ്മാത്രം നോക്കീട്ടാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതും നോക്കാറുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: മഹാരാജാസ്സ് കാളേജിനെ സംബന്ധിച്ചുമാത്രമുള്ളതാണോ ഈ കണക്ക്? അതോ എല്ലാകാളേജുകളിലേയും കൂടിയുള്ളതാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മഹാരാജാസ്സ് കാളേജിലെ കാര്യമാണ് ഇവിടെ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly